ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിലെ കമ്പവിളക്ക് ലഭ്യമാക്കാൻ നടപടി

99 [417] ശ്രീ. എം. മുരളി:
,, ടി. യു. രാധാകൃഷ്ണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, പി. ശങ്കരൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലുണ്ടായിരുന്ന പുരാതനമായ കമ്പവിളക്ക് എടുത്തുകൊണ്ടുപോയതാരാണെന്ന് വ്യക്തമാക്കാമോ;

(ബി) അവ എന്തു ചെയ്തു;

(സി) എന്തിനുവേണ്ടിയാണ് എടുത്തുമാറ്റിയത്;

(ഡി) ഈ വിളക്കുകൾ തിരിച്ച് ക്ഷേത്രത്തിന് നൽകുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് കിട്ടിയോ;

(എഫ്) അതിലെ ശുപാർശകൾ എന്തെല്ലാം;

(ജി) അതെടുത്തു കൊണ്ടുപോയവരുടെ മേൽ എന്തു നടപടി എടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ഏഴ് കമ്പവിളക്കുകൾ കാലപ്പഴക്കത്താൽ ദ്രവിച്ച്, പൊട്ടി ദ്വാരം വീണ് കത്തിക്കാൻ കഴിയാത്തവിധം ഉപയോഗശൂന്യമായി മാറിയതിനാലും, ഉത്സവകാലത്ത് ഇലക്ട്രിക് ലൈറ്റുകളാണ് ഉപയോഗിക്കുന്നത് എന്നതിനാലും, ടി കമ്പവിളക്കുകൾ ഉടച്ച് ഉരുക്കിവാർത്ത് പുനഃസ്ഥാപിക്കേണ്ടതാണെന്ന് തിരുവാഭരണം കമ്മീഷണർ ശുപാർശ ചെയ്തതിന്റെയടിസ്ഥാനത്തിൽ, ബോർഡിൽ നിന്നും അതിന് അനുവാദം നൽകുകയും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഇളക്കിമാറ്റുകയും ചെയ്തിട്ടുള്ളതാണ്.

(ഡി, ഇ, എഫ് ആന്റ് ജി) വിളക്കുകൾ പുനഃസ്ഥാപിക്കുവാൻ തുടങ്ങിയ അവസരത്തിൽ ഭക്തജനങ്ങളിൽ നിന്നും പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് പ്രാഥമിക അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചുവരുന്നതും, ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ക്രൈംബ്രാഞ്ച് അന്വേഷണം തുടർന്നുവരുന്നതുമാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പഴയ കമ്പവിളക്കുകളുടെ അതേ രൂപത്തിലും ലോഹകൂട്ടിലും ഉള്ള പുതിയ വിളക്കുകൾ ഹരിപ്പാട് ദേവസ്വത്തിൽ വച്ചുതന്നെ ദേവസ്വം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ നിർമ്മിക്കുന്നതിന് തിരുവാഭരണം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡ് തീരുമാനിച്ചുത്തരവായിട്ടുണ്ട് എന്നും ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly